പെൻഷൻകാരുടെ ഡി.എ.നിരക്ക്

572 [609] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ പെൻഷൻകാർക്കും ഡി.എ.നിരക്ക് ഏകീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നുമുതൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു?

ഉത്തരം

(എ) 1–7–1933 ലെ ശമ്പളപരിഷ്ക്കാരം നിലവിൽ വന്ന ശേഷം റിട്ടയർ ചെയ്തവർക്കും അതിനു മുൻപ് റിട്ടയർ ചെയ്ത വർക്കും ലഭിക്കുന്ന ഡി.എ.യിൽ വ്യത്യാസമുണ്ട്. അതിനു കാരണം, രണ്ട് വിഭാഗക്കാർക്കും പെൻഷനു് കണക്കാക്കുന്ന അടിസ്ഥാന ശമ്പളത്തിലെ വ്യത്യാസമാണ്. 1–7–1933-ന് ശേഷം റിട്ടയർ ചെയ്തവർക്ക് 488 പോയിൻറ് ഡി.എ. ലയിപ്പിച്ച ശമ്പളത്തെ അടിസ്ഥാനമാക്കിയാണ് പെൻഷൻ നിശ്ചയിക്കുന്നത്. അതിനാൽ 488 പോയിൻറിനു് ഉപരിയായുള്ള വർദ്ധനവിനു് മാത്രമേ ഡി.എ. ലഭിക്കുകയുള്ളൂ. എന്നാൽ 1–7–1933 നു മുൻപ് റിട്ടയർ ചെയ്തവർക്ക് 488 പോയിൻറ് വരെയുള്ള വർദ്ധനവിനും ഡി.എ.ലഭിക്കുന്നതിനാൽ രണ്ടു വിഭാഗക്കാർക്കും ലഭിക്കുന്ന മൊത്തം ഡി.എ. തുകയ്ക്ക് താരതമ്യേന വ്യത്യാസം നിലനിൽക്കുന്നു. ഇതു് രണ്ടും ഏകീകരിക്കാൻ സാദ്ധ്യമല്ല. ഫാമിലി പെൻഷൻകാരുടെ കാര്യത്തിലും ഈ വ്യത്യാസം ഉണ്ടാകുന്നുണ്ട്. എന്നാൽ ഇപ്പോഴം നൽകിവരുന്ന ഓരോ ഗഡു ഡി.എ.യ്ക്കും രണ്ടു വിഭാഗത്തിൽപ്പെട്ടവർക്കും ഒരേ നിരക്കിൽ (രണ്ടര ശതമാനം) തന്നെയാണ് വർദ്ധനവ് അനുവദിക്കുന്നത്.

(ബി) മേൽകാണിച്ച മറുപടിയുടെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

II. ശ്രദ്ധക്ഷണിക്കൽ

(1) സംസ്ഥാനത്ത് സ്ത്രീകളുടെ നേരെയുള്ള അതിക്രമങ്ങൾ

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: സർ, നമ്മുടെ സംസ്ഥാനത്ത് സ്ത്രീകളുടെ നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചു വരുന്നതുമൂലം ജനങ്ങൾ അനുഭവിക്കുന്നതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകളി
9.30 A.M.] ലേയ്ക്ക് മുഖ്യമന്ത്രിയുടെ ശ്രദ്ധ ഞാൻ ക്ഷണിക്കുകയാണ്.

നമ്മുടെ സംസ്ഥാനത്ത് സ്ത്രീകളുടെ നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചു കൊണ്ടിരിക്കുന്നു. പത്രങ്ങളിലും മറ്റു പ്രസിദ്ധീകരണങ്ങളിലും നിരവധി സംഭവങ്ങളെ സംബന്ധിച്ചുള്ള റിപ്പോർട്ടുകളുണ്ട്. ജൂൺ പത്താം തീയതിയിലെ മലയാളമനോരമയിൽ— ഈ ഗവൺമെൻറിനെ സപ്പോർട്ട് ചെയ്യുന്ന പത്രത്തിൽത്തന്നെ—ഒരേ ദിവസം നടന്ന ആറു കൊലപാതകങ്ങളെ സംബന്ധിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്ത്രീ അബലയെന്നും ചപലയെന്നും പുരുഷൻെറ കളിപ്പാവയെന്നും ഉപഭോഗവസ്തുവെന്നുമെല്ലാമുള്ള സമൂഹത്തിൻെറ കാഴ്ചപ്പാടാണ്

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ രാജ്യത്ത് ഇതുപോലെ സ്ത്രീകളുടെ നേരെയുള്ള ആക്രമങ്ങൾ വർദ്ധിക്കാൻ കാരണം. ഭരണഘടനയിൽ സ്ത്രീകൾക്ക് സമത്വം ഉറപ്പു ചെയ്യുന്നുണ്ടെങ്കിലും ഇന്നും അത് ഏട്ടിലെ പശു തന്നെയാണ്. സ്ത്രീധനത്തിന്റെ പേരിൽ ഭർത്താവിൽനിന്നും അയാളുടെ ബന്ധുക്കളിൽ നിന്നും സാമൂഹ്യദ്രോഹികളിൽ നിന്നും മതഭ്രാന്തൻമാരിൽനിന്നും മത പുരോഹിതൻമാരിൽനിന്നും നീതിപാലകൻമാരിൽ നിന്നു പോലും സ്ത്രീകൾക്ക് നിരവധി പീഡനങ്ങൾ ഏൽക്കേണ്ടിവരുന്നു. സർക്കാരിന്റെ കണക്കനുസരിച്ച് സ്ത്രീകളുടേയും മറ്റു ദുർബ്ബലവിഭാഗങ്ങളുടേയും നേരെയുള്ള ആക്രമണം സംബന്ധിച്ച് 3588 കേസുകൾ രജിസ്റ്റർ ചെയ്തതായി കാണുന്നു. 407 ബലാൽസംഗങ്ങൾ ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷമുണ്ടായതായി കണക്കുകൾ വെളിപ്പെടുത്തുന്നു. സ്ത്രീകളുടെ മാനം കവർന്നെടുത്തതിനുശേഷം കരിമ്പിൻ ചണ്ടികളെപ്പോലെ റോഡിലെറിയുന്നത് മനുഷ്യന്റെ സംസ്ക്കാരത്തിനു യോജിച്ചതാണോ? ഇത് മാനുഷിക സംസ്ക്കാരമാണോ; അതോ മൃഗങ്ങളുടേതാണോ? മദ്യപാനിയുടെ മാനത്തിനു നൽകുന്ന വിലപോലും സ്ത്രീകളുടെ ജീവന് നൽകാത്ത ഭരണം അപമാനകരമല്ലേ? എറണാകുളം ജില്ലയിൽ ഒരു ചാരായഷോപ്പിന്റെ മുമ്പിൽ മദ്യ നിരോധന സമിതിക്കാർ സമരം നടത്തി. ചെണ്ടകൊട്ടിയും പാട്ട കൊട്ടിയുമെല്ലാം അവർ സമരം നടത്തി. അവിടെയുള്ള ഒരു എസ്.ഐ. ഇവർക്ക് നിരോധന ഉത്തരവ് കൊടുത്തു. മദ്യം കുടിക്കാൻ വരുന്നവർക്കും ഷാപ്പ് നടത്തുന്നവർക്കും മാനനഷ്ടമുണ്ടാകും, അത് അഭിമാനക്ഷതമാണ്, മദ്യ വിൽപനയുടെ തടസ്സം സൃഷ്ടിക്കുന്നു എന്നു പറഞ്ഞുകൊണ്ടുള്ള വിലക്കാണ് കൊടുത്തത്. പോലീസുകാരിൽനിന്നു പോലും സ്ത്രീകളുടെനേരെ അതിക്രമങ്ങളുണ്ടാകുന്നുണ്ട്. കഴിഞ്ഞ 19–ാം തീയതി കൊല്ലം കളക്ടറേറ്റ് പടിയ്ക്കൽ നിയമപരമായി നടത്തിയ സമരത്തിനു നേരെ സ്ത്രീകളെ അതിക്രൂരമായി ലാത്തിച്ചാർജ് ചെയ്യുകയുണ്ടായി. ഞാൻ കൊല്ലം ആശുപത്രിയിൽ പോയി കണ്ടതാണ്. ലളിതയുടെ തല അടിച്ചു പൊട്ടിച്ച് 12 കുത്തിക്കെട്ടുണ്ട്. സുമതി എന്നു പറയുന്ന സ്ത്രീയുടെ വലതുകൈ പോലീസുകാർ അടിച്ചൊടിച്ചു. എസ്.എൽ.പത്മാവതിയെ ഷൂസിട്ട് ചവിട്ടിയും ദേഹം മുഴുവൻ അടിച്ചും, ഈഞ്ച ചതക്കുന്നതുപോലെ തല്ലിച്ചതച്ചു. ദേവകിയുടെ നടുക് അടിച്ചുചതച്ചു. കൃഷ്ണമ്മാളിന്റെ മൂക്ക് അടിച്ചുപൊട്ടിച്ചു. ഇങ്ങനെ എത്ര സ്ത്രീകൾ ആശുപത്രിയിൽ ചികിൽസയിലായിരുന്നു. ഒന്നു പോയി കാണാനുള്ള ധാർമ്മികബോധം പോലും ഈ മുഖ്യമന്ത്രിക്കുണ്ടായില്ല. അവകാശങ്ങൾക്കുവേണ്ടി സമരം നടത്തിയാൽപ്പോലും അവരുടെ നേരെ ക്രൂരമായ പീഡനങ്ങൾ, മർദ്ദനങ്ങൾ, കൊലപാതകങ്ങൾ വരെ നടത്തുന്ന നീതിപാലകൻമാർ നമ്മുടെ നാട്ടിലുണ്ട്. അതുപോലെ ഇവിടെ സിൻഡിക്കേറ്റിനെ നിയമവിരുദ്ധമായി പിരിച്ചു വിട്ടതിനെതിരെ ചാൻസലർ പങ്കെടുത്ത ഒരു യോഗത്തിൽ പെൺകുട്ടികൾ മുദ്രാവാക്യം വിളിച്ചു. അവർക്ക് അതിനുള്ള അവകാശമില്ലേ? അവർക്ക് മുദ്രാവാക്യം വിളിക്കുന്നതിനുള്ള അവകാശം നിഷേധിച്ചിട്ടുണ്ടോ ഈ രാജ്യത്ത്? ആ പെൺകുട്ടികളിൽ വന്ദനമേനോന്റെയും സുകന്യയുടേയുമൊക്കെ മുടിക്ക് ചുറ്റിപ്പിടിച്ച് അവരുടെ കരണക്കുറ്റിക്കടിച്ചു എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. Pre-Degree Board–നെതിരെ കാര്യവട്ടത്തെ സർവ്വകലാശാലാ ജീവനക്കാർ സമരത്തിലാണ്. സമരം ചെയ്ത സ്ത്രീജീവനക്കാരെ കഴക്കൂട്ടത്തുള്ള എസ്.ഐ. അറസ്റ്റു ചെയ്തുകൊണ്ടുപോയി അവരുടെ താലിമാലയെല്ലാം ഊരി അയാൾക്ക് കൊടുക്കണമെന്ന് ആവശ്യപ്പെട്ടു. പത്ര

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളിലൊക്കെ വന്ന വാർത്തയാണ്. ചില സ്ത്രീകളും പ്രതിഷേധിച്ചതുകൊണ്ടുമാത്രം ആ എസ്.ഐ. അതിൽനിന്നും പിന്തിരിഞ്ഞതാണ്. തൃശ്ശൂർ ടൗൺ ഈസ്റ്റിലെ എസ്.ഐ. വി.ജി.ബാബു 1985 ഡിസംബർ 14-ന് ആനന്ദവല്ലിയുടെ ഭർത്താവിനേയും അമ്മയേയും അകാരണമായി പോലീസ് സ്റ്റേഷനിൽ പിടിച്ചുകൊണ്ടുപോയി ക്രൂരമായി മർദ്ദിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തു. ആ അപമാനം സഹിക്കവയ്യാതെ ആ അമ്മയും മകനും ആത്മഹത്യ ചെയ്തു. 17-ാം തീയതിയാണ് അതു സംഭവിച്ചത്. ആനന്ദവല്ലി നഷ്ടപരിഹാരത്തിന് കേസ് കൊടുത്തു. രണ്ടു ലക്ഷം രൂപ ആ എസ്.ഐ. ജൂഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റിന്റെ മുമ്പാകെ കെട്ടിവയ്ക്കണമെന്ന് ഉത്തരവിട്ടിരിക്കുകയാണ്. അതുപോലെ വെമ്പായത്ത് വസന്തകുമാരിയുടെ കൊലപാതകത്തിന് അവരുടെ ഭർത്താവും അയാളുടെ വീട്ടുകാരുമാണ് കാരണക്കാർ എന്നു പറയുന്നു. കടയ്ക്കൽ ശോഭനയുടെ കൊലപാതകത്തെ സംബന്ധിച്ചിടത്തോളം ഇവിടെ ഉന്നയിച്ചിട്ടുള്ളതാണ്. ക്രൈംബ്രാഞ്ചുകാർ ആ കേസിനെ സംബന്ധിച്ച് അന്വേഷിക്കുന്നു എന്ന് അന്ന് മുഖ്യമന്ത്രി പറഞ്ഞു. പകൽക്കുറി ബേബി റസീനാ ഭർത്താവിനാലും അയാളുടെ ബന്ധുക്കളാലും കൊല്ലപ്പെട്ടതാണ്. പാലക്കാട് താലൂക്കിൽ കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ഒരു മെമ്പർ ഉന്നയിച്ച സരോജിനിയുടെ മകൾ പങ്കജം, വിഴിഞ്ഞത്ത് ഒരു സരോജിനി ഇങ്ങനെ എത്രയോ കൊലപാതകങ്ങളും നടന്നു. പോലീസുകാരുടെ ഭാഗത്തുനിന്നുമുള്ള പീഡനങ്ങളും, മർദ്ദനങ്ങളും കൂടിവരുന്നു. ഇങ്ങനെ നമ്മുടെ സംസ്ഥാനത്ത് നടക്കുന്ന സംഭവങ്ങളെ സംബന്ധിച്ചിടത്തോളം ഇവിടെ പറയണമെങ്കിൽ മണിക്കൂറുകളല്ല, ദിവസങ്ങളല്ല, മാസങ്ങളും തന്നെ വേണ്ടിവരും. ഈ രാജ്യത്തു നടക്കുന്ന ഇതുപോലെയുള്ള ക്രൂരമായ പ്രവൃത്തികളെ സംബന്ധിച്ചിടത്തോളം ഈ സർക്കാർ കാഴ്ചക്കാരെപോലെ നോക്കി നിൽക്കുകയാണ്. മനുഷ്യരുടെ മനസാക്ഷി മരവിച്ചു എന്ന് പലപ്പോഴും നമ്മൾ പറയാറുണ്ട്. ഇവിടെ സർക്കാരിന്റെ മനസാക്ഷി മരവിച്ചതല്ല, മരിച്ചുപോയോ എന്നുപോലും ഞാൻ സംശയിക്കുന്നു. രാജ്യത്ത് സമത്വമുണ്ടെന്ന് പറയുകയും സ്ത്രീകളും വളരെയേറെ പീഡനങ്ങളും അനുഭവിക്കുകയും ചെയ്യുന്നു. ഇവിടത്തെ ജനസംഖ്യയുടെ പകുതിയിലധികം സ്ത്രീകളാണ്. എന്നിട്ടും ഇവരെ രക്ഷിക്കാൻ ക്രിയാത്മകമായ യാതൊരു നടപടിയുമെടുക്കുന്നില്ല.

സർ, കേന്ദ്രത്തിൽ വനിതാക്ഷേമ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രി ഒരു സ്ത്രീയാണ്. അവരെ സഹായിക്കാനിരിക്കുന്ന പ്രൈവറ്റ് സെക്രട്ടറിയും സ്ത്രീയാണ്. ഗവൺമെന്റ് സെക്രട്ടേറിയറ്റിലിരിക്കുന്ന സെക്രട്ടറിയും ഒരു സ്ത്രീയാണ്. എന്തിനാണ് ഈ വകുപ്പ് കൈകാര്യം ചെയ്യാൻ വനിതാമന്ത്രിയേയും അവരെ സഹായിക്കാൻ വനിതാ ഉദ്യോഗസ്ഥകളേയും ഇരുത്തിയിരിക്കുന്നത്? ഈ പാവപ്പെട്ട സ്ത്രീകളുടെ നേരെ ഇതുപോലുള്ള പീഡനങ്ങളും ക്രൂരമായ കൊലപാതകങ്ങളുമുണ്ടായാൽ അതന്വേഷിക്കാൻ എന്തെങ്കിലും ഒരു സംവിധാനം ഇവിടെ ഉണ്ടാക്കിയിട്ടുണ്ടോ? ആന്ധ്രാപ്രദേശിൽ പ്രത്യേകമായി വനിതാ കോടതികൾ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്. ക്രിമിനൽ പ്രൊസീഡ്യൂർ കോഡിൽ ചില മാറ്റങ്ങൾ വരുത്താൻവേണ്ടി സംസ്ഥാനസർക്കാർ കേന്ദ്രത്തോട് ശുപാർശ ചെയ്യുന്നു. ഇവിടെ സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും അവർക്കുവേണ്ടി കോടതികളുണ്ടാക്കിക്കൊണ്ട് ഓരോ കേസും എത്രയും പെട്ടെന്ന് തീർക്കാനു-

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനമെടുക്കുവാനും എന്തെങ്കിലും സംവിധാനമുണ്ടാക്കിയിട്ടുണ്ടോ? ഇവിടെ വനിതകളെ സംരക്ഷിക്കുവാനും അവർക്കുവേണ്ടി ക്ഷേമ പ്രവർത്തനങ്ങളും നടത്താനും ആരെങ്കിലുമുണ്ടോ? വനിതാമന്ത്രി വേണമെന്നു ഞാൻ പറയുന്നില്ല. ഏതെങ്കിലുമൊരു മന്ത്രിയെ പകുതിയിലധികംവരുന്ന സ്ത്രീകളുടെ ക്ഷേമം അന്വേഷിക്കുവാൻ ചുമതലപ്പെടുത്തണം. പ്രത്യേകവകുപ്പുണ്ടായതുകൊണ്ട് ഫലമുണ്ടാകുമെന്നു ഞാൻ കരുതുന്നില്ല. എങ്കിലും തെല്ലെങ്കിലും ആശ്വാസമുണ്ടാവുമെങ്കിൽ അത്രയും ആകട്ടെ. വെറും കാഴ്ചക്കാരെപ്പോലെ നോക്കിനിൽക്കാതെ സ്ത്രീകളുടെ മാനം രക്ഷിക്കാൻ, ഭീഷണിയിൽനിന്നും മർദ്ദനത്തിൽനിന്നും കൊലപാതകത്തിൽനിന്നും അവരെ രക്ഷിക്കാൻ അടിയന്തിരമായി നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ.കെ.കരുണാകരൻ): സർ, ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിൽ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ എല്ലാ കാര്യങ്ങളെക്കുറിച്ചും വിവരം ശേഖരിക്കാൻ കഴിഞ്ഞിട്ടില്ല. എങ്കിലും സ്ത്രീകളുടെ നേരെയുള്ള ആക്രമണം ഏതു ഭാഗത്തുനിന്നുണ്ടാകുന്നതും അങ്ങേയറ്റം ആക്ഷേപാർഹമാണ്, തടയേണ്ടതാണ്. ഈ കാര്യത്തിൽ ഗവൺമെൻറിന് ചെയ്യാൻ സാധിക്കുന്നത്; സംഭവങ്ങളും പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടുകഴിഞ്ഞാൽ ഉടനേതന്നെ നടപടി സ്വീകരിക്കുക എന്നുള്ളതാണ്. കേസ് രജിസ്റ്റർ ചെയ്ത് കുറ്റവാളികളെ കണ്ടുപിടിച്ച് ശിക്ഷിക്കുക, സാമൂഹ്യദ്രോഹമാണെന്ന് ജനങ്ങളെ ബോധവാൻമാരാക്കുക തുടങ്ങി നിരവധി കാര്യങ്ങളും ഇത് തടയുന്നതിനുവേണ്ടി ചെയ്യേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഇത് വർദ്ധിച്ചുവരുന്നു എന്നുള്ളത് ശരിയല്ല. കഴിഞ്ഞ രണ്ടുമൂന്നു വർഷങ്ങളിലെ കണക്കെടുത്തുനോക്കിയാൽ കുറഞ്ഞുകുറഞ്ഞാണ് വരുന്നത്. പല കാരണങ്ങളും കൊണ്ടാണ് ഇതുണ്ടാകുന്നത്. സർ, പലപ്പോഴും അയൽപ്പക്കക്കാർ തമ്മിലുള്ള വഴക്കാണെന്ന് പറഞ്ഞ് ആരംഭിക്കും, മറ്റുചിലത് സ്ത്രീധനത്തിന്റെയും മറ്റും പേരിലാണ് ആരംഭിക്കുന്നത്. ഇതുപോലുള്ള നിരവധി കാരണങ്ങളും കാണാൻ കഴിയും. ഇങ്ങനെയുള്ള കാരണങ്ങളാൽ സ്ത്രീകളും മർദ്ദിക്കപ്പെടുന്നത് തടയാൻ നിരവധി നടപടികളും സ്വീകരിക്കേണ്ടതുണ്ട്. വനിതാ പോലീസ് സ്റ്റേഷനുകളും ആരംഭിച്ചതിന്റെ മുഖ്യ ഉദ്ദേശം തന്നെ സ്ത്രീകൾക്ക് പോലീസ് സ്റ്റേഷനുകളിൽ പോയി പരാതിപ്പെടുന്നതിന് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകരുതെന്ന് നിർബന്ധമുള്ളതുകൊണ്ടാണ്. ഇത് സംബന്ധിച്ചുള്ള കേസ്സുകളിൽ കേവലം ക്രിമിനൽ കുറ്റമായി പോലീസ് കൈകാര്യം ചെയ്യുന്നതിന് പുറമേ അത് തടയുന്നതിന് വേണ്ട നടപടികളും സ്വീകരിക്കാൻ കഴിയുമോ എന്നുള്ളതിനെ സംബന്ധിച്ച് ഗവൺമെൻറ് ഗൗരവമായിത്തന്നെ പരിശോധിക്കുന്നതാണ്. ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ സ്ത്രീപീഡനം കുറവാണെന്ന് വിചാരിച്ച് ഇവിടെ അത് നടക്കണമെന്നോ കൂടുതലുണ്ടാകണമെന്നോ അല്ല ഞാൻ പറയുന്നത്. ബലാൽസംഗം തുടങ്ങിയ കയ്യേറ്റങ്ങളും മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് നമുക്കിവിടെ കുറവാണ്. എങ്കിലും അത് തടയുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ മൂവായിരത്തിലധികം കേസ്സുകളും നടന്നിട്ടുള്ളതായിട്ടാണ് റിപ്പോർട്ട് കിട്ടിയിട്ടുള്ളത്. അതിൽ 4400–ൽ പരം പ്രതികളെ അറസ്റ്റു ചെയ്യുകയും, കുറെ കേസ്സുകളിൽ അവരെ ശിക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ഭാവിയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെയുള്ള സംഭവങ്ങളുണ്ടാകാതിരിക്കുന്നതിന്, ഗൗരവപരമായി തന്നെ കേസ്സുകൾ കൈകാര്യം ചെയ്യുകയും അത് തടയുന്നതിന് എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണം തേടുന്നതുമാണ്.

ശ്രീമതി മേർഗ്ഗരീത്ത തങ്കച്ചൻ: സർ, നിയമപ്രകാരം കൊല്ലത്ത് സമരം ചെയ്ത സ്ത്രീകളെ വളരെ ഗുരുതരമായി മർദ്ദിച്ചത് പോലീസുകാരാണ്. ഞാൻ പല കേസ്സുകളും ചൂണ്ടിക്കാണിച്ചത് വേലിതന്നെ വിളവുതിന്നുന്നുവെന്ന് തെളിയിക്കുവാനാണ്. പോലീസുകാരാണ് ഈ അതിക്രമങ്ങളെല്ലാം കാണിക്കുന്നത്. അതുകൊണ്ട്, ഈ സംഭവവുമായി ബന്ധപ്പെട്ട പോലീസുകാരുടെ പേരിൽ എന്തുനടപടി എടുത്തുവെന്ന് പറയാൻ കഴിയുമോ?

ശ്രീ.കെ.കരുണാകരൻ: ഒരു സംഭവത്തിൽ, ഒരു സ്ത്രീക്ക് ഏതങ്കിലും വിധത്തിൽ ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ടെങ്കിൽ അത് സ്ത്രീകളോടുള്ള പ്രത്യേക സമീപനം കൊണ്ടൊന്നുമല്ല അപ്രകാരം സംഭവിച്ചിട്ടുള്ളത്. പോലീസുകാർ സ്ത്രീകളെ പ്രത്യേകം തെരഞ്ഞുപിടിച്ച് ശിക്ഷിക്കുകയൊന്നുമല്ല ചെയ്തിട്ടുള്ളത്. അതുകൊണ്ട് അക്കാര്യത്തിൽ ഒരു അന്വേഷണത്തിന്റെ ആവശ്യമുണ്ട്. ആ അന്വേഷണത്തിന്റെ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ അക്കാര്യത്തിൽ നടപടിയെടുക്കാൻ ഗവൺമെന്റ് മടിക്കുകയില്ല എന്ന് ഞാൻ പറഞ്ഞു കഴിഞ്ഞു.

(അദ്ധ്യക്ഷവേദിയിൽ ഡെപ്യൂട്ടി സ്പീക്കർ)

(2) കുടിയേറ്റ കർഷകർക്ക് പട്ടയം നൽകൽ

ശ്രീ. രാഘവൻ പൊഴക്കടവിൽ: സർ, കേരളത്തിന്റെ വന പ്രദേശങ്ങളിൽ കഴിഞ്ഞ 40 വർഷത്തിലേറെയായി, കുടിയേറിപ്പാർത്ത് കൃഷി ചെയ്തുവരുന്ന ഒരു ലക്ഷത്തിൽപ്പരം വരുന്ന മണ്ണിന്റെ മക്കളായ മലയോരകർഷകർക്ക് പട്ടയം നൽകണമെന്ന ആവശ്യം ഞാൻ പല പ്രാവശ്യം ഈ സഭയിൽ ശ്രദ്ധക്ഷണിക്കൽ വഴി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ഫലമായി 1977-നു മുൻപ് കൈവശക്കാരായിട്ടുള്ള കുടിയേറ്റകർഷകർക്ക് അവരുടെ കൈവശമുള്ള ഭൂമിക്ക് പട്ടയം നൽകുന്നതാണെന്ന് ഒരു ഉറപ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും, ഫോറസ്റ്റ്, റവന്യൂ, ധനകാര്യ മന്ത്രിമാരും സഭയിൽ വച്ച് തന്നിട്ടുള്ളത്, കേരളനിയമസഭയുടെ ചരിത്രത്തിൽ തന്നെ ആദ്യ സംഭവമായിരുന്നു. ഇതിനുമുൻപ് അധികാരത്തിലിരുന്ന ഒരു സർക്കാരും എടുക്കാൻ ധൈര്യപ്പെടാത്ത ഒരു തീരുമാനമായിരുന്നു ഈ സർക്കാരിനേറ്റത് എന്നുള്ള വസ്തുത ഞാൻ വിസ്മരിക്കുന്നില്ല. എന്നാൽ 3 വർഷത്തിലേറ്റ ആയിട്ടും മലയോരകർഷകരുടെ ചിരകാല സ്വപ്നം സാക്ഷാത്കരിക്കുന്നതിന് കഴിഞ്ഞിട്ടില്ല എന്ന ദുഃഖസത്യം ഇവിടെ രേഖപ്പെടുത്താൻ ഞാനാഗ്രഹിക്കുന്നു. രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ട് ഭക്ഷ്യക്ഷാമം കൊടുംപിരികൊണ്ട്, ജനങ്ങൾ പട്ടിണികിടന്ന് മരിക്കാൻ പോകുന്ന അവസരത്തിൽ എന്തെങ്കിലും ഭക്ഷ്യസാധനങ്ങളുൽപ്പാദിപ്പിക്കുവാൻ അന്നത്തെ തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങളിലെ സർക്കാരുകളുടെ അനുമതിയോടുകൂടി കാടുംകൃഷി എന്നപേരിൽ കപ്പയും നെല്ലും മറ്റും കൃഷിചെയ്യുവാൻ മലകളിൽ കയറി, കാട്ടാന തുടങ്ങിയ ക്രൂരജന്തുക്കളോട് മല്ലിട്ട് നാടിനെ രക്ഷിച്ചവരാണ് മലയോരകർഷകർ. അങ്ങനെയുള്ള മലയോരകർഷകരായ, രാജ്യസ്നേഹികളായ ഇവരെ പട്ടും വളയും നൽകി ആദരിച്ചില്ലെങ്കിലും സ്വന്തം ആടിമണ്ണിൽ അന്ത്യവിശ്രമം കൊള്ളാൻ തന്റെ ഭൂമിക്ക് പട്ടയം

LIBRARY ARCHIVES Kerala Legislative Assembly